# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.275 — 26.09.2016 ൽ മറുപടിയ്ക്ക്

## പൊതുവിപണിയിലെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

(എ) ഓണക്കാലത്ത് പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര ഓണച്ചന്തകൾ പ്രവർത്തിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഓണക്കാലത്ത് പച്ചക്കറി -പഴം എന്നിവയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ഓണത്തിനുശേഷം വിപണിയിലുണ്ടാകുന്ന മാറ്റത്തെ നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ) യും (ബി) യും (സി) യും

ഈ ഓണം — ബക്രീദ് ഉത്സവകാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിൽ ഓണച്ചന്തകൾ സംഘടിപ്പിച്ചു മാവേലി സ്റ്റോറുകളില്ലാത്ത മറ്റ് '7' പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു.

കൂടാതെ ഈ ഓണക്കാലത്ത് 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് 2 കിലോ മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം സപ്ലൈകോ വില്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ റേഷൻകാർഡിനും 1 കിലോ സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുള്ള പഞ്ചസാര റേഷൻകടകളിൽ എത്തിച്ചിട്ടുണ്ട്. ഇവ കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റിനുള്ള സാധനങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള 5 കിലോ അരിയുടെ വിതരണവും അവസാന ഘട്ടത്തിലാണ്.

പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രത്യേക ഓണച്ചന്തകളിലും തെരഞ്ഞെടുക്കപ്പെട്ട വിൽപ്പനശാലകളിലും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ പച്ചക്കറി വിതരണം ചെയ്തിരുന്നു. മുഖ്യമായും ഹോർട്ടികോർപ്പ് മുഖേനയും സ്വകാര്യ കച്ചവടക്കാർ തുടങ്ങിയവർ വഴിയും, നേരിട്ടുമാണ് പച്ചക്കറി വിൽപ്പന സാധ്യമാക്കിയിരുന്നത്. ഇത്തരത്തിൽ പൊതുജനങ്ങൾക്ക് ആശ്വാസമേകുന്ന വിപണിയിടപെടൽ ഈ ഓണക്കാലത്തും തുടർന്നും സപ്ലൈക്കോ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ